പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7071 16/07/2012 ൽ മറുപടിയ്ക്ക്

ഇ-ടെക്സ്റ്റ് ബുക്കുകളും, ഇ- കണ്ടന്റും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. ലൂഡി ലൂയിസ് : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കിനു പകരം ഇ-ടെക്സ്റ്റ് ബുക്കുകളും, ഇ-കണ്ടന്റും നടപ്പിലാക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ശ്രവണ ശേഷി കുറഞ്ഞ പഠിതാക്കൾക്കായി 10-ാം ക്ലാസ്സിൽ ഇ-സ്റ്റഡി മെറ്റീരിയലുകളും, ഇ-ടെക്സ്റ്റ് ബുക്കും എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചിട്ടുണ്ട്. ഒന്ന്, രണ്ട് ക്ലാസ്സുകളിലെ ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഇന്റർ ആക്ടീവ് സി.ഡി യോടൊപ്പം ഇ-ടെക്സ്റ്റും ചേർത്തിട്ടുണ്ട്. ഇവയ്ക്കു പുറമേ എല്ലാ സ്കൂൾ പാഠപുസ്തകങ്ങളും (1 മുതൽ 10 വരെ) ഇ-ടെക്സ്റ്റാക്കി ഐ.ടി. അറ്റ് സ്കൂൾ വെബ് സൈറ്റിൽ നൽകിയിട്ടുണ്ട്. |
| ബി) ഏതെല്ലാം ക്ലാസ്സുകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 10-ാം ക്ലാസിന്റെ മാതൃകയിൽ ഈ വർഷം 9-ാം ക്ലാസ്സിലും ഹിയറിംഗ് ഇംപേഡ് ആയ വിദ്യാർത്ഥികളുടെ സ്കൂളുകൾക്കായി സ്റ്റഡി മെറ്റീരിയൽ തയ്യാറാക്കാൻ ആലോചിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 9-ാം ക്ലാസ്സിലും ഇ - ടെക്സ്റ്റ് ലഭ്യമാക്കാൻ കഴിയും |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ; വിശദമാക്കുമോ ? | (സി) | എസ്.സി.ഇ.ആർ.ടി അദ്ധ്യാപകരുടെയും വിദഗ്ധരുടെയും സഹായത്തോടെ സ്വതന്ത്രമായി ഇ-ടെക്സ്റ്റ് തയ്യാറാക്കി വരുന്നു. ഇംഗ്ലീഷ് പാഠ പുസ്തകം അടിസ്ഥാനമാക്കി ഇ-ടെക്സ്റ്റും ലേണിങ് സ്റ്റഡി മെറ്റീരിയലുകളും തയ്യാറാക്കിയത് സി-ഡിറ്റിന്റെ സഹകരണത്തോടെയാണ്. ഐ.ടി അറ്റ് സ്കൂൾ വഴിയും ഇ-ടെക്സ്റ്റ് തയ്യാറാക്കുന്നുണ്ട്. |

Saju kumar D

സെക്ഷൻ ഓഫീസർ